# വിജ്ഞാപനം

നമ്പർ: 207/2008/സം.തി.ക. തീയതി, തിരുവനന്തപുരം, 2008 ജൂലൈ 02

സംസ്ഥാനത്ത് വിവിധ ജില്ലകളിലെ, താഴെ പട്ടിക ഒന്നിൽ സൂചിപ്പിക്കുന്ന ഗ്രാമ, ബ്ലോക്ക് പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിലേയും പട്ടിക രണ്ടിലെ മുനിസിപ്പാലിറ്റി വാർഡുകളിലേയും തിരഞ്ഞെടുപ്പ് നടത്തുന്നതിനായി സംസ്ഥാന തിരഞ്ഞെടുപ്പ് ക്മ്മീഷൻ 2008 ജൂൺ 2-ാം തീയതി കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ കമ്മീഷന്റെ 138/2008/സം.തി.ക, 141/2008/സംതിക നമ്പർ വിജ്ഞാപനങ്ങൾ പ്രകാരം തിരഞ്ഞെടുപ്പ് കാര്യപരിപാടി അനുസരിച്ച് ആവശ്യമെങ്കിൽ വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതി 2008 ജൂലായ് 3 (വ്യാഴം) ആയും, തിരഞ്ഞെടുപ്പ് പൂർത്തിയാക്കുന്നതിനുള്ള തീയതി 2008 ജൂലായ് 31 ആയും നിശ്ചയിച്ചിട്ടുണ്ട്.

വോട്ടെടുപ്പിനു മുമ്പായുള്ള തിരഞ്ഞെടുപ്പ് സംബന്ധിച്ച നടപടി ക്രമം എല്ലാ നിയോജക മണ്ഡലങ്ങളിലും / വാർഡുകളിലും പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ചില സംഘടനകൾ 03.07.2008 ന് സംസ്ഥാനത്ത് ഹർത്താൽ ആഹ്വാനം ചെയ്തിട്ടുള്ളതായി കമ്മീഷന് വിവരം ലഭിച്ചിട്ടുള്ളതിനാലും അത് തിരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പിനെ സാരമായി ബാധിക്കുമെന്ന് കമ്മീഷന് ബോദ്ധ്യമായതിനാലും 2008 ജൂൺ 02-ാം തീയതിയിലെ 138/2008/സം.തി.ക, 141/2008/സംതിക എന്നീ നമ്പർ വിജ്ഞാപനങ്ങൾ പ്രകാരം നിശ്ചയിച്ചിരുന്ന വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതി ഭേദഗതി ചെയ്ത് പുതുക്കി നിശ്ചയിക്കേണ്ടത് ആവശ്യമായിരിക്കുന്നു. ആയതിനാൽ 1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 49-ാം വകുപ്പും, 1994 -ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 105-ാം വകുപ്പും, ഇന്ത്യൻ രണഘടനയിലെ 243 കെ അനുച്ഛേദവുമായി കൂട്ടിവായിക്കുന്ന പ്രകാരം കമ്മീഷനിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് മുൻപറഞ്ഞ വിജ്ഞാപനങ്ങൾ താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

## ഭേദഗതി

**(ഡി) 2008 ജൂലായ് 08 (ചൊവ്വ) : വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതി**

## പട്ടിക – 1

| നമ്പർ | ജില്ല | ഗ്രാമ/ബ്ലോക്ക് പഞ്ചായത്തിന്റെ/ മുനിസിപ്പാലിറ്റിയുടെ നമ്പരും പേരും | നിയോജക മണ്ഡലത്തിന്റെ / വാർഡിന്റെ നമ്പരും പേരും | സംവരണ വിവരം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1. | കൊല്ലം | ജി.59 കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് | 02 അടുതല | ജനറൽ |
| 2. | ആലപ്പുഴ | ജി. 34. പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത് | 15 ചതുർത്ഥ്യാകരി | ജനറൽ |
| 3. | ആലപ്പുഴ | ജി. 36 മുട്ടാർഗ്രാമപഞ്ചായത്ത് | 04 കുമരംചിറ | ജനറൽ |
| 4. | കോട്ടയം | ബി. 52 ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | 09 തിടനാട് | പട്ടികവർഗ്ഗം |
| 5. | കോട്ടയം | ജി. 30 കൊഴുവനാൽ ഗ്രാമപഞ്ചായത്ത് | 12 കെഴുവംകുളം വെസ്റ്റ് | ജനറൽ |
| 6. | കോട്ടയം | ജി.53 പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് | 11 പടിയറ | ജനറൽ |
| 7. | ഇടുക്കി | ജി.21 ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് | 06 കട്ടിക്കയം | പട്ടികവർഗ്ഗ വനിത |
| 8. | ഇടുക്കി | ജി.27 ഇടുക്കി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് | 11 കഞ്ഞിക്കുഴി | വനിത |
| 9. | എറണാകുളം | ബി. 73 പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് | 09 മറുവക്കാട് | ജനറൽ |
| 10. | തൃശൂർ | ബി. 87 മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 11 വെൺമേനാട് | ജനറൽ |
| 11. | തൃശൂർ | ജി.92 അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് | 09 പുതുക്കാട് | ജനറൽ |
| 12. | കോഴിക്കോട് | ജി.13 കായക്കൊടി ഗ്രാമപഞ്ചായത്ത് | 14 കോവുക്കുന്ന് | ജനറൽ |
| 13. | കോഴിക്കോട് | ജി. 28 ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് | 06 ഓട്ടുവയൽ | ജനറൽ |
| 14. | കോഴിക്കോട് | ജി.63 കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് | 02 പുല്ലാളൂർ | ജനറൽ |
| 15. | വയനാട് | ജി. 11. പൂതാടി ഗ്രാമപഞ്ചായത്ത് | 03 അതിരാറ്റ്കുന്ന് | ജനറൽ |
| 16. | കണ്ണൂർ | ബി. 147 പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 07 പേരാവൂർ | ജനറൽ |
| 17. | കണ്ണൂർ | ജി. 04 മാടായി ഗ്രാമപഞ്ചായത്ത് | 09 പഴയങ്ങാടി സൗത്ത് | പട്ടികജാതി |
| 18. | കാസറഗോഡ് | ബി.152 നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് | 12 ഉദിനൂർ | ജനറൽ |
| 19. | കാസറഗോഡ് | ജി. 35 വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് | 15 മൗക്കോട് | ജനറൽ |

## പട്ടിക – 2

| നമ്പർ | ജില്ല | ഗ്രാമ/ബ്ലോക്ക് പഞ്ചായത്തിന്റെ/ മുനിസിപ്പാലിറ്റിയുടെ നമ്പരും പേരും | നിയോജക മണ്ഡലത്തിന്റെ / വാർഡിന്റെ നമ്പരും പേരും | സംവരണ വിവരം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1. | തിരുവനന്തപുരം | എം. 01 നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി | 01 വഴിമുക്ക് | വനിത |
| 2. | എറണാകുളം | എം. 25 കളമശ്ശേരി മുനിസിപ്പാലിറ്റി | 32 ഉണ്ണിച്ചിറ | ജനറൽ |

**പി. കമാൽകുട്ടി**
**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ**